"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - പട്ടാഴി ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 18,662/- (പതിനെണ്ണായിരത്തി അറുനൂറ്റി അറുപത്തിരണ്ട് രൂപ) രൂപയുടെ ചെലവ് - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2311/2025/LSGD തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 26/07/2020-ലെ PAN/9186/2020-M3 (DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/03/2021-ലെ DKSA/1521/2020/PT1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിൽ 2006-2007 സാമ്പത്തിക വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 'കുടുംബശ്രീ യൂണിറ്റുകൾക്ക് ആട് വളർത്തൽ' (പ്രോജക്ട് നമ്പർ.എസ് 06/07) പദ്ധതിക്കായി 1,44,460/-രൂപ ചെലവഴിച്ചിരുന്നു. എന്നാൽ ടി തുകയിൽ സർക്കാർ നിർദ്ദേശങ്ങൾക്കും സബ്സിഡി മാനദണ്ഡങ്ങൾക്കും ഉപരിയായി വികസന ഫണ്ടിൽ നിന്നും ചെലവവിച്ച് 18,622/- രൂപ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2006-2007 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2) മേൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിലേക്കായി പട്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09/01/2020-ലെ 7(2)-ാം നമ്പർ അഭ്യർത്ഥന സർക്കാരിന് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ പട്ടാഴി ഗ്രമപഞ്ചായത്തിൽ 2006-07 വർഷം നടപ്പിലാക്കിയ ടി പ്രോജക്ട്, കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന പരമാവധി സബ്സിഡി തുകയായ 50% അനുവദിച്ച് നടപ്പാക്കുന്നതിലേയ്ക്കായി അന്നത്തെ ഭരണസമിതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി നടപ്പിലാക്കിയ പ്രോജക്ട് ആണെന്നും, ആനുകൂല്യം ലഭിച്ചത് വ്യക്തിഗത ഗുണഭോക്താക്കളായ പൊതു വിഭാഗത്തൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്കാണെന്ന് പഞ്ചായത്ത് ഭരണസമിതി വിലയിരുത്തിയിട്ടുണ്ടെന്നും, പദ്ധതിയിൽ ആട്ടിൻകൂട് നിർമ്മിക്കുന്നതിന് 500/- രൂപ ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കണമെന്ന് കാണിച്ചിരുന്നുവെങ്കിലും ടി തുകയിൽ കൂടുതൽ തുക ഗുണഭോക്താക്കൾക്ക് അന്നത്തെ നിലയിൽ കൂട് പണി കഴിപ്പിക്കുന്നതിന് വേണ്ടിവന്നിട്ടുണ്ടെന്നും, സദുദ്ദേശത്തോടുകൂടി നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ കുടുബശ്രീ അംഗങ്ങളായ പാവപ്പെട്ട വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

3) ടി പദ്ധതി ചെലവിന്റെ സാധൂകരണത്തിനായി പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 09/01/2020 ലെ 7(2)-ാം നമ്പർ അനുകൂല തീരുമാനം, കൊല്ലം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 10/02/2020-ലെ 32-ാം നമ്പർ അനുകൂല ശിപാർശ എന്നിവ ലഭ്യമായിട്ടുണ്ടെന്നും, ആയതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4) പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 09/01/2020-ലെ 7(2)-ാം നമ്പർ തീരുമാനം, കൊല്ലം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 10/02/2020-ലെ യോഗത്തിന്റെ 32-ാം നമ്പർ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്നതിന് എതിർ അഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) മേൽ വസ്തുതകൾ, പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 09/01/2020-ലെ 7 (2)-ാം നമ്പർ തീരുമാനം, 10/02/2020-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 32-ാം നമ്പർ അനുകൂല ശിപാർശ, പഞ്ചായത്ത് ഡയറക്ടറുടേയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടേയും അനുകൂല ശിപാർശകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പദ്ധതി ആയതിനാലും, ആനുകൂല്യം ലഭിച്ചത് പൊതുവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്താക്കൾക്ക് ആയതിനാലും, ആട്ടിൻകൂട് നിർമ്മിക്കുന്നതിന് 500/- രൂപയിൽ കൂടുതൽ വ്യക്തിഗത ചെലവ് വന്നിട്ടുള്ളതിനാലും, പദ്ധതി നിർവ്വഹണത്തിലൂടെ കുടുംബശ്രീ അംഗങ്ങളായ പാവപ്പെട്ട വനിതകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സദുദ്ദേശത്തോടെ വിഭാവനം ചെയ്ത പദ്ധതി ആയതിനാലും കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമാപഞ്ചായത്തന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 18,662/- (പതിനെട്ടായിരത്തി അറുനൂറ്റി അറുപത്തി രണ്ട് രൂപ) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, പട്ടാഴി ഗ്രാമപഞ്ചായത്ത്, കൊല്ലം

വെറ്റിനറി സർജൻ, പട്ടാഴി ഗ്രാമപഞ്ചായത്ത്, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ഓഡിറ്റ് ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(സർക്കാർ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-AB1/48/2020-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-09-2025 13:57:58

സെക്ഷൻ ഓഫീസർ